(ബി) പട്ടികവർഗ്ഗ മേഖലകളിൽ ആദിവാസിക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ചും പദ്ധതികൾക്കനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെയും അവയ്ക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗവും സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് ക്യത്യമായ വിലയിരുത്തൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പഠന റിപ്പോർട്ട് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

വിവാഹ ധനസഹായം

45(550) ശ്രീ. ടി. ജെ. വിനോദ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ 2021 വരെ ഓരോ വർഷവും എത്ര അപേക്ഷകളാണ് ലഭിച്ചത്; അറിയിക്കാമോ?

പട്ടികജാതി ക്ഷേമ വകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ 2021 വരെ 53416 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	അപേക്ഷകളുടെ എണ്ണം
2016-17	12380
2017-18	9928
2018-19	9422
2019-20	11543
2020-21	10143
ആകെ	53416

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്രപേർക്ക് വിവാഹ ധനസഹായം ഇതിനകം വിതരണം ചെയ്യാൻ സാധിച്ചു; വിശദാംശങ്ങൾ നൽകാമോ?

അർഹതാ മാനദണ്ഡങ്ങൾ അനുസരിച്ച് ആകെ 44,661 പേർക്ക് ധനസഹായം വിതരണം ചെയ്യുവാൻ സാധിച്ചു. വിവാഹ ധനസഹായം വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	അപേക്ഷകളുടെ എണ്ണം
2016-17	10523
2017-18	8921
2018-19	7291
2019-20	8677
2020-21	9249
ആകെ	44661

പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം

46(551) ശ്രീ. കെ. ഡി. പ്രസേനൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സാധനസഹായവും വിദ്യാഭ്യാസ ധനസഹായവും നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

2016 ജൂൺ മാസം മുതൽ നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ 1376 പട്ടികജാതി കുടുംബങ്ങൾക്കും 304 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായം 23873 പട്ടികജാതി കുടുംബങ്ങൾക്കും 537 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly